(ബി) ഗ്രൂപ്പ് വില്ലേജുകളിൽ വിവിധ ആവശ്യങ്ങൾക്കായി പോകുന്നവർക്ക് ലഭിക്കാനുള്ള സേവനങ്ങൾക്ക് അപേക്ഷകരുടെ എണ്ണക്കൂടുതൽ മൂലം കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗ്രൂപ്പ് വില്ലേജുകളായി കാസർഗോഡ് ജില്ലയിൽ ഇപ്പോഴും പ്രവർത്തിക്കുന്ന വില്ലേജുകളെ വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ്, മഞ്ചേശ്വരം, ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് എന്നീ താലൂക്കുകളിലാണ് ഗ്രൂപ്പ് വില്ലേജുകളുള്ളത്. വില്ലേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം- എ)*

(ബി) ഉണ്ട്.

(സി) ഗ്രൂപ്പുവില്ലേജുകൾ വിഭജിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

പയ്യന്നൂരിലെ മിനി സിവിൽസ്റ്റേഷനിൽ സർക്കാർ ഓഫീസുകൾക്ക് മുറി അനുവദിക്കുന്നതിനുള്ള നടപടി

153 (3901) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ നിർമ്മാണം പൂർത്തിയായ മിനി സിവിൽ സ്റ്റേഷനിൽ സർക്കാർ ഓഫീസുകൾക്ക് മുറി അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഓഫീസുകൾക്കാണ് മിനി സിവിൽ സ്റ്റേഷനിൽ മുറികൾ അനുവദിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ ലാന്റ് ട്രിബ്യൂണൽ ഓഫീസ്, എക്സൈസ് റെയിഞ്ച് ഓഫീസ്, ലേബർ ഓഫീസ്, ക്ഷീര വികസന ഓഫീസ്, ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്, കൊമേഴ്സ്യൽ ടാക്സ് ഓഫീസ്, ഫുഡ് സേഫ്റ്റി ഓഫീസ്, അസിസ്റ്റന്റ് ഡയറക്ടർ വി.എച്ച്.എസ്.എസ്. വകുപ്പ് ഓഫീസ്, ശിശു വികസന ഓഫീസ്, റീ-സർവ്വേ ഓഫീസ്, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) എന്നീ വകുപ്പുകളുടെ ഓഫീസുകൾക്ക് മുറി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly